പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3586

12.05.2017-ൽ
മറുപടിയ്ക്ക്

## എക്സൈസ് വകുപ്പ് പരിഷ്കരിക്കൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.റ്റി.വി.രാജേഷ്: | ശ്രീ.റ്റി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ മന്ത്രി) |
| എക്സൈസ് വകുപ്പ് ആധുനിക രീതിയിൽ പരിഷ്കരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കമോ; വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ പുതിയ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഉണ്ട്. എക്സൈസ് വകുപ്പിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി 10 വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങൾ മാറ്റി പുതിയ 6 ബോലേറോ ജീപ്പുകൾ വാങ്ങി ഫീൽഡ് ആഫീസുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്.<br>എക്സൈസ് വകുപ്പിലെ പ്രവർത്തന രഹിതമായിട്ടുള്ള 25 കമ്പ്യൂട്ടറുകൾ മാറ്റി പുതിയ കമ്പ്യൂട്ടറുകൾ വാങ്ങി ഫീൽഡ് ആഫീസുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്.<br>മാനന്തവാടി ജനമൈത്രി എക്സൈസ് സ്ക്വാഡിന്റെ ഉപയോഗത്തിനായി ഒരു പുതിയ ബോലേറോ ജീപ്പ് വാങ്ങി നൽകിയിട്ടുണ്ട്.<br>ജില്ലാ അധികാരികളായ 14 ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെ ഉപയോഗത്തിന് 14 പുതിയ വാഹനങ്ങൾ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. |

ജോയിന്റ് എക്സൈസ് കമ്മീഷണർമാരുടെയും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെയും ഉപയോഗത്തിന് 9 പുതിയ ലാപ് ടോപ്പുകൾ വാങ്ങുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഇടുക്കി, മലപ്പുറം ജില്ലകളിലെ ആദിവാസി മേഖലകളിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗത്തിനെതിരെ നിരന്തരമായി ബോധവൽക്കരണം നടത്തുന്നതിനും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തുന്നതിനും ഇടുക്കി ജില്ലയിലെ ദേവികുളത്തും, മലപ്പുറം ജില്ലയിലെ നിലമ്പൂരും ഓരോ ജനമൈത്രി എക്സൈസ് സ്ക്വാഡ് ആഫീസുകൾ രൂപീകരിക്കുന്നതിനും, ക്രൈം ബ്രാഞ്ച് വിഭാഗം രൂപീകരിക്കുന്നതിനും ബോർഡർ പെട്രോളിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ഉള്ള ശുപാർശകൾ സർക്കാർ പരിശോധിച്ചു വരുന്നു.പുതുതായി രൂപീകരിച്ച താലൂക്കുകളിൽ 6 എണ്ണത്തിൽ സർക്കിൾ ഓഫീസുകൾ അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

എക്സൈസ് വകുപ്പ് നൽകുന്ന സേവനങ്ങളുടെ ഭാഗമായി സേവനാവകാശ നിയമത്തിലുൾപ്പെട്ട 26 സേവനങ്ങളിൽ 22 എണ്ണം ഓൺ ലൈനാക്കാൻ തീരുമാനി ച്ചിട്ടുണ്ട്. ആയതിൽ 16 എണ്ണം പൂർണ്ണമായും ഓൺ ലൈൻ ആക്കിയിട്ടുണ്ട്. ബാക്കിയുള്ളവ ഓൺ ലൈൻ ആക്കുന്നതിനു വേണ്ട

നടപടികൾ സ്വീകരിച്ചു വരുന്നു.

7 എക്സൈസ് ചെക്ക് പോസ്റ്റുകളിൽ നിർമ്മിതി കേന്ദ്രം മുഖേന കണ്ടെയ്നർ മൊഡ്യൂൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ഇ-സർവ്വീസ്, ഇ-ആഫീസ് സിസ്റ്റം കാര്യക്ഷമമായി നടത്തുന്നതിന് 63 കമ്പ്യൂട്ടർ, 18 ഓൺലൈൻ യു.പി.എസ് എന്നിവ വാങ്ങി വിവിധ ആഫീസുകൾക്ക് നൽകിയിട്ടുണ്ട്.

എക്സൈസ് ക്രൈം റെക്കോഡ്സ് ബ്യൂറോയുടെ ഉപയോഗത്തിന് ഒരു വെബ് ബെയ്സ്ഡ് ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ നിർമ്മിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

25 എക്സൈസ് ചെക്ക് പോസ്റ്റുകളിൽ അനർട്ടിന്റെ സഹായത്തോടെ സോളാർ എൽ.ഇ.ഡി ഹൈമാസ്റ്റ് ലാംപ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുത്തങ്ങ, ചിന്നാർ എന്നീ എക്സൈസ് ചെക്ക് പോസ്റ്റുകളിൽ സോളാർ ലൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

14 എക്സൈസ് ചെക്ക് പോസ്റ്റുകളിൽ സി.സി ടി.വി ക്യാമറ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വരുന്നു.

എക്സൈസ് അക്കാഡമി നവീകരിക്കുന്നതിന്റെ ഭാഗമായി 2 കോടി രൂപ ചെലവിൽ നവീകരണ

പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

വനിതാ സിവിൽ എക്സൈസ് ഓഫീസർമാരുടെ 138 തസ്തിക സൃഷ്ടിച്ചുകൊണ്ട് 03.05.2017-ലെ ജി.ഒ (എം.എസ്) നം.30/17/നി.വ പ്രകാരം ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ